ആദിവാസികൾക്ക് തൊഴിലും ചികിത്സാ സൗകര്യവും നൽകാൻ നടപടി

9 (*441) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി കോളനികളിൽ വ്യാപിച്ചുവരുന്ന പട്ടിണിയും രോഗവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന ആദിവാസി മേഖലകളിൽ ആദിവാസികൾക്ക് തൊഴിൽ ലഭ്യമാക്കാൻ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ;

(സി) ആദിവാസി കോളനികളിൽ വർദ്ധിച്ചുവരുന്ന പകർച്ചവ്യാധിയും രോഗവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആദിവാസി കോളനികളിൽ പ്രത്യേക ചികിത്സാ സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ദാരിദ്ര്യവും രോഗവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആദിവാസികൾക്ക് തൊഴിലില്ലായ്മ രൂക്ഷമാകുന്ന വർഷക്കാലത്ത് ഫുഡ്സ്പോർട്ട് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി അനുസരിച്ച് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പച്ചക്കറികൃഷി, മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ, കാർഷിക വികസന പരിപാടികൾ, പരിസര ശുചീകരണ പ്രവർത്തനങ്ങൾ, നടപ്പാതനിർമ്മാണം മുതലായ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുകയും പ്രസ്തുത ജോലി ചെയ്യുന്നതിന് പണവും ഭക്ഷണവും നല്കുകയും ചെയ്യുന്നു. ഗ്രാമവികസന വകുപ്പുമായി സഹകരിച്ച് എസ്.ജി.ആർ.വൈ. പദ്ധതിപ്രകാരം ഫുഡ് ഫോർ വർക് പ്രോഗ്രാം, പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ വഴി ധാന്യബാങ്ക് പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇവയൊന്നും ലഭ്യമല്ലാത്തിടത്ത് സൗജന്യറേഷനും അനുവദിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മൊബൈൽ ഹെൽത്ത് ക്ലിനിക്കുകളുടെയും അലോപ്പതി/ആയുർവ്വേദ ഡിസ്പെൻസറികളിലൂടെയും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള മൊബൈൽ ക്ലിനിക്കുകൾ ഹോസ്പിറ്റലുകൾ ഡിസ്പെൻസറികൾ എന്നിവയ്ക്കു പുറമേ വയനാട് ഹെൽത്ത് പ്രോജക്ടിന്റെ കീഴിലുള്ള ആശുപത്രികൾ എന്നിവയിലൂടെയും ആവശ്യമായ ചികിത്സാ സൗകര്യം ഏർപ്പെടുത്തിവരുന്നു. ഈ അടുത്തകാലത്ത് യു.എൻ.എഫ്.ഡി.എ.-യുടെ കീഴിലുള്ള മൈനർ സർജറി ഉൾപ്പെടെ അത്യാധുനിക സൗകര്യമുള്ള 8 മൊബൈൽ ക്ലിനിക്കുകൾ വഴി ചികിത്സാ സൗകര്യം ഏർപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വയനാട്, പാലക്കാട് മേഖലകളിൽ ചികിത്സയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. കടുത്ത രോഗം ബാധിച്ചവരെ ആശുപത്രികളിൽ എത്തിക്കുന്നതിന് ആംബുലൻസ്/വാഹനസൗകര്യവും ചികിത്സയ്ക്ക് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായവും നല്കുന്നുണ്ട്.

ഇലക്ട്രോണിക് മീറ്റർ നിർമ്മാണശാല സ്ഥാപിക്കണമെന്ന ആവശ്യം

10 (*442) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഇപ്പോൾ ഇലക്ട്രോണിക് മീറ്ററുകൾ മാത്രമാണോ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഒരു വർഷം ഇത്തരം എത്ര മീറ്ററുകൾ ബോർഡിന് ആവശ്യമായിട്ടുണ്ട് ;

(സി) ബോർഡിന്റെ ആവശ്യം കണക്കിലെടുത്ത് ഒരു ഇലക്ട്രോണിക് മീറ്റർ നിർമ്മാണശാല സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഇപ്പോൾ പുതിയതായി വാങ്ങുന്ന ഇലക്ട്രോണിക് മീറ്ററുകളും റിപ്പയർ ചെയ്തു വരുന്ന ഇലക്ട്രോ-മെക്കാനിക്കൽ മീറ്ററുകളും ഉപയോഗിച്ചു വരുന്നു.

(ബി) ഒരു വർഷം എട്ടു ലക്ഷത്തോളം പുതിയ മീറ്ററുകൾ ആവശ്യമായി വരുന്നുണ്ട്.

(സി) സർക്കാർ ഉടമസ്ഥതയിലുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്, കൊല്ലം, ഇലക്ട്രോണിക് മീറ്ററും ഉണ്ടാക്കുന്നുണ്ട്. പുതിയ നിർമ്മാണ ശാല സ്ഥാപിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

നിയമനം നടത്തുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച പുതിയ വ്യവസ്ഥകൾ

11 (*443) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ ഒഴിവുണ്ടാകുമ്പോൾ നിയമനം നടത്തുന്നതു സംബന്ധിച്ച് ബോർഡ് പുതിയ വ്യവസ്ഥകൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇനി ഉണ്ടാകുന്ന ഏതെങ്കിലും ഒഴിവുകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly